09
ഏപ്രിൽ
2018
തിങ്കൾ

SHALOM DHWANI

# ശാലോം ധ്വനി

A Sister Concern of SHALOM BEATS

Volume : 01
Issue : 01

shalomdhwani.com

ക്രൈസ്തവ പത്രം

## നേതൃത്വ മാറ്റവുമായി അസംബ്ലിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് പാസ്റ്റർ പി. എസ്. ഫിലിപ്പ് പുതിയ അമരക്കാരൻ..



പാസ്റ്റർ പി എസ് ഫിലിപ്പ്

സൗത്ത് ഇന്ത്യ അസംബ്ലിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിലിന്റെ 68 മത് ജനറൽ കോൺഫറൻസ് മാർച്ച് മാസം 13,14 തീയതികളിൽ പുനലൂർ വർഷ ഓഡിറ്റോറിയത്തിൽ നടക്കുക ഉണ്ടായി.

ആദ്യ ദിനം 1336 യിൽ പരം പാസ്റ്റർമാരും പ്രതിനിധികളും പങ്കെടുത്ത കോൺഫറൻസിൽ 1050 ഇൽ പരം വോട്ടുകൾ നേടി പാസ്റ്റർ : പി എസ് ഫിലിപ് സൂപ്രണ്ട് ആയി തിരഞ്ഞെടുക്കപ്പെട്ടു...

കഴിഞ്ഞ രണ്ടു കാലയളവിൽ അസിസ്റ്റന്റ് സൂപ്രണ്ട് ആയി സേവനം അനുഷ്ഠിച്ചു വന്ന കർത്തൃദാസൻ ദീർഘ കാലമായി എ ജി യുടെ നേതൃനിരയിൽ പ്രവർത്തിക്കുന്നു. പത്തനംതിട്ട ജില്ലയിലെ തോന്നിയാമലയാണ് സ്വദേശം. ഭാര്യ ലീലാമ്മ, ദൈവം ദാനമായി നൽകിയ മൂന്ന്! മക്കളും ശുശ്രൂഷയിൽ കൈത്താങ്ങായി കൂടെ നിൽക്കുന്നു.

സഭാ പ്രവർത്തനങ്ങളുടെ ഭാഗമായി പുനലൂരിൽ താമസിക്കുന്ന ദൈവദാസൻ എ ജി സഭയുടെ മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ട്, അസിസ്റ്റന്റ് സൂപ്രണ്ട്, എസ് ഐ എ ജി അസിസ്റ്റന്റ് സൂപ്രണ്ട്, ജനറൽ സെക്രട്ടറി, എ. ജി. ഐ കൗൺസിൽ അംഗം എന്നീ നിലയിൽ സഭയുടെ ഭാരതത്തിലെ എല്ലാ ഭരണ സംവിധാനങ്ങളിലും അംഗമായിരിക്കുവാൻ അവസരം ലഭിച്ചിട്ടുണ്ട്. പുനലൂർ ബെഥേൽ ബൈബിൾ കോളേജ് പ്രിസിപ്പാൾ എന്ന നിലയിൽ ഇരുപത്തഞ്ചു വർഷം തുടർച്ചയായി സേവനം ചെയ്തു. ബെഥേലിന്റെ ചരിത്രനേട്ടം കൂടി ആണിത്. വേദശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. രണ്ടാം ദിനമായ 14ആം തിയതി 1248 പേർ ഹാജരായി. അന്നേ ദിവസം അസിസ്റ്റന്റ് സൂപ്രണ്ട്, സെക്രട്ടറി, ട്രേഷറർ, കമ്മിറ്റി അംഗം എന്നിവരുടെ തിരഞ്ഞെടുപ്പ്പു നടക്കുകയും അതിൽ 871 പരം വോട്ട് നേടി പാസ്റ്റർ: ഐസക്ക് വി മാത്യു അസിസ്റ്റന്റ് സൂപ്രണ്ട് ആയി,

പെന്തെക്കോസ് സമൂഹത്തിന്റെ അഭിമാനമായി ആത്മീയ രീതിയിലും ഉന്നത വിദ്യാഭ്യാസ രംഗത്തും പാടവം തെളിയിച്ച . പാസ്റ്റർ ഡോ: ഐസക്ക് വി മാത്യു അസ്സെംബ്ലിസ് ഓഫ് ഗോഡ് മലയാളം അസിസ്റ്റന്റ് സൂപ്രണ്ട് ആയി തിരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ ടി വി പൗലോസ് സെക്രട്ടറി സ്ഥാനത്തേക്കും, പാസ്റ്റർ: എ രാജൻ ട്രേഷറർ സ്ഥാനത്തേക്കും, പാസ്റ്റർ : എം എ ഫിലിപ്പ് കമ്മറ്റി അംഗം ആയും തിരഞ്ഞെടുക്കപ്പെട്ടു.

പുതിയതായി തിരഞ്ഞെടുക്കപ്പെട്ട നേതൃത്വനിരയ്ക്കു വേണ്ടി മുൻ സൂപ്രണ്ട് പാസ്റ്റർ: റ്റി ജെ സാമുവൽ പ്രാർത്ഥിക്കുകയും, കോൺഫെറൻസ് വൈകിട്ടു 7 മണിക്ക് അവനസിപ്പിക്കുകയും ചെയ്തു. സഭയുടെയും പ്രസ്ഥാനത്തിന്റെയും ആത്മീയ ഭൗതീക ഉന്നമനത്തിനായി പ്രവർത്തിക്കാൻ തങ്ങൾ ബാധ്യസ്ഥരാണെന്നും, വിശ്വാസികളുടെ പൂർണ പിന്തുണയെ ചോദിക്കുന്നു എന്നും തങ്ങളിൽ വിശ്വാസം അർപ്പിച്ച് തിരഞ്ഞെടുത്തവരോടും പുതിയ കമ്മറ്റി പിന്നീട് നന്ദി അറിയിച്ചു.

## എഡിറ്റോറിയൽ



ഇതൊരു ചെറിയ തുടക്കമാണ്. മാധ്യമ വിചാരണയുടെ ഉത്തുംഗ ശൃംഖലകൾ കയ്യടക്കുമെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല, എന്നാൽ വരമൊഴിയായി പ്രചരിക്കുന്ന സത്യസുവിശേഷത്തിന്റെ സാരഥിയായിഈ സംരംഭം എന്നും കൂടെയുണ്ടാകും.

കർണ്ണടക സംസ്ഥാനത്തിലെ ആദ്യത്തെ ഇന്റർനെറ്റ് ക്രിസ്തീയ പത്രമാണ് 'ശാലോം ധ്വനി' എന്നതിൽ ഞങ്ങൾക്ക് തികഞ്ഞ അഭിമാനമുണ്ട്. അച്ചടി പ്രസിദ്ധീകരണത്തിന്റെ കൈ കാലുകൾ 'വെബ് ' എന്ന അദ്രശ്യമായ വലയിൽ കുടുങ്ങിയത് മൂലം അച്ചടി വായനക്കാർ കുറഞ്ഞു വരുന്ന സാഹചര്യത്തിൽ കാലത്തിനൊത്ത് ഞങ്ങളും കാലുകൾ മാറ്റി ചവിട്ടുന്നു. സത്യസന്ധമായി മുഖം നോക്കാതെ, അതെ സമയം ആരുടെയും ഹൃദയ വിചാരങ്ങൾക്കും ആശയങ്ങൾക്കും വിശ്വാസങ്ങൾക്കും മുറിവുകൾ ഏൽപ്പിക്കാതെ ഈ പ്രവർത്തനം മുമ്പോട്ടു കൊണ്ടു പോകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

പറയാതെ ആർ കേൾക്കും? കേൾക്കാതെ ആർ വിശ്വസിക്കും? അപ്പോസ്തലന്റെ വാക്കുകൾ എത്ര അർത്ഥവത്താണ്. 'ശാലോം ധ്വനി' ഒരു കൂട്ടായ്മയാണ് വായനക്കാർ ഇല്ലങ്കിൽ ഇങ്ങനെ ഒരു പ്രവർത്തനം ആവശ്യമില്ല. വായനക്കാരായ നിങ്ങളും പ്രസിദ്ധീകരണ ചുമതല വഹിക്കുന്ന ഞങ്ങളും ആത്മീയ ആശയങ്ങളും, വാർത്തകളും വരമൊഴികളാക്കുന്ന എഴുത്തുകാരും അടങ്ങുന്ന ഒരു കൂട്ടായ്മയാണ് 'ശാലോം ധ്വനി'.

ചെറിയ ആരംഭങ്ങളെ തുച്ഛീകരിക്കാത്ത വലിയവനായ ദൈവം ഈ മാധ്യമത്തിന്റെ കുരുന്നു കൈകൾ പിടിച്ചു ശൈശവ ദിശ തരണം ചെയ്യുവാൻ ബലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആദ്യ ലക്കം തന്നെ മനോഹരമാക്കുവാൻ പിന്തുണ തന്ന കൂട്ട് പ്രവർത്തകർക്കും ആത്മീയ പ്രസ്ഥാനങ്ങളുടെ ചുക്കാൻ പിടിക്കുന്ന നേതൃത്വനിരയ്ക്കും, ലേഖനങ്ങളും വാർത്തകളും തന്ന പ്രിയ തൂലിക മിത്രങ്ങൾക്കും ഞങ്ങളുടെ സ്നേഹാരാമത്തിലെ വാസനപുഷ്പങ്ങൾ നൽകുന്നു 'നട്ടവനും നനക്കുന്നവനും ഏതുമില്ല, വളർത്തുമാർക്കുന്നവൻ കർത്താവാകുന്നു. മതി, അത് മാത്രം മതി ഈ ഉദ്യമം വളരുവാൻ

ക്രിസ്തീയ അഭിവാദ്യങ്ങളോടെ
**ജോൺ എൽസദായ്**
ചീഫ് എഡിറ്റർ

## കർണാടക ഐ പി സി സോദരി സമാജം ഭാരവാഹികൾ



Cicy Joseph
President



Pennamma Thomas
Vice President



Suja Joykutty
Secretary



MaryKutty Philip
Joint secretary



Beena Lalu
Treasurer

ബെംഗളുരു: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ (ഐപിസി) കർണാടക സ്റ്റേറ്റ് വനിതകളുടെ ആത്മീയ സംഘടനയായ 'സോദരി സമാജം പ്രസിഡന്റായി സിസി ജോസഫ്, പെണ്ണമ്മ തോമസ് (വൈസ് പ്രസിഡന്റ്), സുജ ജോയ്ക്കുട്ടി (സെക്രട്ടറി), മേരിക്കുട്ടി ഫിലിപ്പ് (ജോയിന്റ് സെക്രട്ടറി), ബീന ലാലു (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. ഹൊറമാവ് അഗര ഐ പി സി ഹെഡ്ക്വാർട്ടേഴ്സിൽ നടന്ന തെരഞ്ഞെടുപ്പിൽ ഐപിസി കർണാടക പ്രസിഡന്റ് പാസ്റ്റർ. റ്റി.ഡി. തോമസ് അദ്ധ്യക്ഷനായിരുന്നു. കർണാടകയിലെ വിവിധ ജില്ലകളിലുള്ള നിർധനരായ വനിതകൾക്ക് വിവാഹ ധനസഹായം, തയ്യൽ മെഷിൻ വിതരണം, വിദ്യാഭ്യാസ സഹായം തുടങ്ങിയ സാമൂഹിക സേവനങ്ങൾ സോദരി സമാജത്തിലൂടെ നൽകി വരുന്നതായി പ്രസിഡന്റ് സിസി ജോസഫ് പറഞ്ഞു.

## പെന്തെക്കോസ്ത് മിഷൻ ബാംഗ്ലൂർ സെന്റർ കൺവൻഷൻ സമാപിച്ചു

ബെംഗളുരു: ദൈവീക വാഗ്ദ്ധാനങ്ങൾ ലഭിച്ച ജനം അതിന് ആസ്പധമായ ജീവിതം നയിച്ച് നിത്യജീവന് അവകാശികൾ ആകണമെന്ന് ഡെപ്യൂട്ടി ചീഫ് പാസ്റ്റർ. ഏബ്രഹാം മാത്യൂ പറഞ്ഞു. ദി പെന്തക്കോസ്ത് മിഷൻ സഭയുടെ കർണാടകയിലെ ഏറ്റവും വലിയ ആത്മീയ സംഗമമായ ബാംഗ്ലൂർ സെന്റർ കൺവൻഷന്റെ സമാപന ദിന സംയുക്ത ആരാധനയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ലോകത്തിൽ മറ്റാർക്കും നൽകുവാനാകാത്ത വാഗ്ദ്ധാനമാണ് കർത്താവ് തന്റെ അനുഗാമികൾക്ക് നൽകിയത്. മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ

ശേഷം പേജ് 2 ഇൽ....

# നിഷ്പക്ഷ മാധ്യമ രംഗത്തേക്ക് പുത്തൻ ചുവടു വെപ്പുമായി ശാലോംധ്വനി


Evg. John Elshadai


Br. Soney C George


Br. Benson Thadioor


Br. Jobin K. Issac


Pr. Roy George


Br. Jose Varghese


Br. Biju Benny


Br. Baiju Plavilayil


Br. Lijin K. Raju

ക്രൈസ്തവ മാധ്യമ രംഗത്ത് നിഷ്പക്ഷതയുടെ മുഖമായി നിൽക്കണമെന്ന ആഹ്വാനവുമായി ശാലോംധ്വനി ക്രൈസ്തവ പത്രം. ഓൺലൈൻ പത്രത്തിന് പുറമെ മാസത്തിൽ ഒരു ലക്കവുമായി പിഡിഎഫ് ഫോർമാറ്റിൽ പുറത്തിറങ്ങുന്നു. നേരിനൊപ്പം നിൽക്കുവാനും സത്യമായ വാർത്തകളും ഉപദേശ സത്യങ്ങളും ജനങ്ങളിലേക്ക് എത്തിക്കുവാനും ഒരു ചുവടുകൂടെ മുന്നോട്ട് വയ്ക്കുകയാണ്. ചില മാസങ്ങൾക്ക് മുൻപ് പ്രവർത്തനമാരംഭിച്ച ഓൺലൈൻ പത്രത്തിന് ലഭിച്ച നിസീമമായ പിന്തുണയുടെയും പ്രോത്സാഹനത്തിൻറെയും ഫലമാണ് ഈ നവ ശ്രമത്തിനു നിദാനം.

യുവ എഴുത്തുകാർക്കും മാധ്യമ രംഗത്തേക്ക് ചുവട് വയ്ക്കുവാൻ ആഗ്രഹിക്കുന്നവർക്കും ഒരു കൈത്താങ്ങലായി നിലനിന്നുകൊണ്ട് വിവിധ ഭാഷകളിലേക്ക് വാർത്തകളും ക്രൈസ്തവ ലേഖനങ്ങളും പ്രസിദ്ധീകരിയ്ക്കുവാൻ ഉള്ള പണിപ്പുരയിൽ ആണു ഇതിന്റെ അണിയറ പ്രവർത്തകർ. ഇപ്പോൾ മലയാള ഭാഷയിൽ ലോകത്തിന്റെ വിവിധ ഭാഗത്തുള്ള സഹോദരങ്ങളുടെ സഹകരണത്തോടെ പത്രം പ്രസിദ്ധീകരണം നടത്തും.

പ്രവർത്തന വിശാലതയുടെ ഭാഗമായി വിവിധ സഭാ വിഭാഗങ്ങളിൽ ഉള്ളവരെയും മാധ്യമ സാമുഹിക രംഗത്ത് പ്രവർത്തിക്കുന്നവരെയും ഉൾപ്പെടുത്തി ശാലോംധ്വനി മാനേജ്മെൻറ് ബോർഡ് നിലവിൽ വന്നു. അതോടൊപ്പം തന്നെ വിവിധ സഭകളെയും സ്ഥലങ്ങളേയും ഉൾപ്പെടുത്തി കോർ ടീം അംഗങ്ങളെയും മാനേജമെന്റ് നിയമിച്ചു.

ഇവാ. ജോൺ എൽശദ്ദായി എന്ന ക്രൈസ്തവ ലോകത്തിന്റെ സുപരിചിത എഴുത്തുകാരൻ പത്രത്തിന്റെ ചീഫ് എഡിറ്റർ ആയി ചുമതലയേറ്റു. ബ്രദ: സോണി സി ജോർജ് (ചെയർമാൻ), ബ്ര: ബെൻസൺ തടിയൂർ (അസോ: ചീഫ് എഡിറ്റർ), ബ്ര: ജോബിൻ ഐസക് (എഡിറ്റർ ഇൻ ചാർജ്), പാസ്റ്റർ റോയ് ജോർജ് (ചീഫ് റിപ്പോർട്ടർ) ബ്ര: ജോസ് വർഗീസ് (ചീഫ് അഡ്വൈസർ) ബ്ര : ബിജു ബെന്നി (സർക്കുലേഷൻ മാനേജർ) ബ്ര: ബൈജു പ്ലാവിളയിൽ (ചീഫ് ഡിസൈനർ) ബ്ര : ലിജിൻ കെ രാജു (പബ്ലിഷർ) എന്നിവർ അടങ്ങുന്ന കമ്മിറ്റി നിലവിൽ വന്നു.

ആത്മീയതയെ വളർത്തുകയും സ്നേഹ വലയത്തെ വിസ്തൃതമാക്കുകയും ചെയ്യുന്ന ഒരു വേദിയായി ശാലോംധ്വനി ജനങ്ങളോടൊപ്പം എന്നും ഉണ്ടാകും എന്ന് മാനേജ്മെൻറ് ഉറപ്പിച്ചു പറയുകയും അതിനായി ജനങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു.

പേജ് 1-ൻറെ തുടർച്ച..(കൺവൻഷൻ)

കർത്താവ് ഒരു വലിയ സൗഭാഗ്യ പദ്ധതിയാണ് തന്റെ ശിഷ്യ വൃന്ദങ്ങൾക്ക് ഒരുക്കിയിരിക്കുന്നത്. അതിനു വേണ്ടി കാത്തിരിക്കുന്ന ജനത നിത്യജീവന് പങ്കാളികളായി എല്ലാ നിരയിലും അവിടുത്തെ വിശുദ്ധിയും അന്തസ്സും കാത്ത് പരിപാലിക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.

ഹെന്നൂർ ബാഗലൂർ റോഡ് ഗദ്ദലഹള്ളി പെന്തെക്കോസ്ത് മിഷൻ കൺവൻഷൻ സെന്ററിൽ നാല് ദിവസമായ് നടന്ന് വന്ന കൺവൻഷനിൽ പാസ്റ്റർമാരായ സെൽവപാണ്ടി (തൂത്തുകുടി), യൂനസ് മശി (മുംബൈ), ജോൺസൻ (കോയമ്പത്തൂർ) എന്നിവർ പ്രസംഗിച്ചു. വിവിധ പ്രാദേശിക ഭാഷകളിൽ മിഷൻ പ്രവർത്തകർ കൺവൻഷൻ ഗാനങ്ങൾ ആലപിച്ചു. ശിവമൊഗ, ഹാസൻ, മംഗളുരു, തുംകുരു, ഗോവ, ഹൊസൂർ, മൈസൂരു തുടങ്ങി 46 പ്രാദേശിക സഭകളിലെ ശുശ്രൂഷകരും വിശ്വാസികളായ് പതിനായിരക്കണക്കിന് ആളുകൾ സംയുക്ത ആരാധനയിൽ പങ്കെടുത്തു. കൺവൻഷനിൽ ബൈബിൾ ക്ലാസ്, സ്റ്റോത്രാരാധന, ഉണർവ് യോഗം, യുവജന സമ്മേളനം , അനുഭവ സാക്ഷ്യം, ഗാനശുശ്രൂഷ, സുവിശേഷ യോഗം, രോഗശാന്തി പ്രാർഥന എന്നിവ നടത്തി.

52 പേർ കൺവൻഷനിൽ സ്നാനമേറ്റു. കൺവൻഷൻ സെന്ററിൽ നിന്ന് നഗരത്തിലെ വിവിധയിടങ്ങളിലേയ്ക്ക് ബി.എം.ടി .സി ബസ് സൗകര്യം ഒരുക്കിയിരുന്നു.

സെന്റർ പാസ്റ്റർ. ഗുണശീലൻ, അസിസ്റ്റന്റ് സെന്റർ പാസ്റ്റർ. സമാധാന പ്രഭു എന്നിവർ കൺവൻഷന് നേതൃത്വം നൽകി.

# സിസ്റ്റർ ബ്യുലയുടെ സംസ്കാരം ഏപ്രിൽ 10 ചൊവ്വാഴ്ച



കോഴിക്കോട്: സതേൺ ഏ.ജി സൂപ്രണ്ടും മലബാർ ഏ.ജി ഡിസ്ട്രിക്റ്റ് സൂപ്രണ്ടുമായ പാസ്റ്റർ വി.ടി ഏബ്രഹാമിന്റെ മകൾ ബ്യൂല (36) യുടെ സംസ്കാരം ഏപ്രിൽ 10ന് ചൊവാഴ്ച തൃശൂർ ആൽപ്പാറ ഐ.പി.സി സഭയുടെ ആഭിമുഖ്യത്തിൽ കരിപ്പക്കുന്ന് സെമിത്തേരിയിൽ നടക്കും. ചൊവാഴ്ച രാവിലെ 8 മണിക്ക് കോഴിക്കോട് ഭവനത്തിൽ പൊതുദർശനത്തിനു വയ്ക്കും. മലബാറിലെ വിശ്വാസി സമൂഹം അന്തിമോപചാരം നല്കും. തുടർന്ന് ഭർത്താവിന്റെ ഭവനമായ തൃശൂർ ആല്പാറയിൽ എത്തിക്കും.

അവിടെ ആൽപ്പാറ ഐ. പി. സി. യിൽ ഉച്ച കഴിഞ്ഞ് 2 മണിക്ക് സംസ്കാര ശുശ്രൂഷ ആരംഭിക്കും. വൈകുന്നേരം 5 മണിക്ക് സംസ്കരിക്കും.

മലബാറിലെ ഏ.ജി. സമൂഹം വാർത്ത വിശ്വാസിക്കാതെ ഞെട്ടലോടെയാണ് ബ്യൂലയുടെ മരണ വാർത്ത സ്ഥിരീകരിച്ചത്. പാസ്റ്റർ വി.ടി. എബ്രഹാമിന്റെ പ്രവർത്തനങ്ങളിൽ ഏറെ സഹായകരമായിരുന്ന മകളായിരുന്നു ബ്യൂല. മലബാറിലെ സുവിശേഷ പ്രവർത്തനത്തിനും സഭാ വളർച്ചക്കും യുവജനങ്ങയുടെയിടയിലെ പ്രവർത്തനങ്ങൾക്കും ബ്യൂലയുടെ പങ്കാളിത്തം അവഗണി ക്കാനാവില്ല.

മലബാറിലെ ഏറ്റവും വലിയ സഭകളിലൊന്നായ കോഴിക്കോട് ഏ.ജി. സഭയുടെ വിശ്വാസികളും ഞെട്ടലോടെയാണ് വാർത്ത സ്ഥിരീകരിച്ചത്. യുവജന പ്രവർത്തകയും സംഘാടകയും ആയിരുന്നതിനാൽ ബ്യൂലയ്ക്ക് ഒട്ടേറെ സുഹൃത്ത് ബന്ധങ്ങളുണ്ട്.

ഏപ്രിൽ 2 ന് തിങ്കളാഴ്ച രാവിലെ യായിരുന്നു അന്ത്യം. കഴിഞ്ഞ യാഴ്ച പെട്ടെന്നുണ്ടായ ദേഹാസ്വാസ്ഥ്യത്താൽ ആശുപത്രിയിലായിരുന്നു. തുടർന്ന് സൗദിയിലെ വീട്ടിൽ വിശ്രമിക്കുകയായിരുന്നു. എന്നാൽ തിങ്കളാഴ്ച രാവിലെയുണ്ടായ പ്രയാസത്തെത്തുടർന്ന് ആശുപത്രിയിലെ വെന്റിലേറ്ററിൽ പ്രവേശിക്കു കയായിരുന്നു.

തൃശൂർ ആൽപ്പാറയിലെ ഇടപ്പാറ വീട്ടിൽ ഐസക്കിന്റെ ഇളയ മകൻ ബിജു ഐസക് ആണ് ഭർത്താവ്.

ജോവൽ ബിജു, ജെറോം ബിജു എന്നിവരാണ് മക്കൾ.

ലേഖനം... **പാസ്റ്റർ ഷാജി ആലുവിള**

# കഴിഞ്ഞതോർത്തു കരയാതെ കാലം കഴിക്കൂ



ഇന്നലെയുടെ തുടർച്ചയാണ് 'ഇന്ന്' ഭൂത കാലത്തിന്റെ മണ്ണിൽ പടർന്ന വേരുകളാണ് വർത്തമാന കാലത്തിന്റെയും ഭാവി കാലത്തിന്റെയും നിലനിൽപിന് ആധാരം ആകുന്നത്. ഇന്നലെകളിൽ കഴിഞ്ഞു പോയ സംഭവസഹസ്രങ്ങളുടെ ആവർത്തനം തന്നെ ആണ് ഇന്നും നടക്കുന്നത്. നാളെ നടക്കുവാൻ പോകുന്നതും അതുതന്നെ. വ്യക്തിയുടെയും സമൂഹത്തിന്റെയും ജനപദങ്ങളുടെയും ഉത്ഥാനപതനങ്ങളും അധോഗതിയും പുരോഗതിയും യുദ്ധവും സമാധാനവും അഭിലാഷങ്ങളും എന്നു വേണ്ട ഓരോ ചലനങ്ങളും യുഗ ദീർഘമായ ചരിത്രത്തിന്റെ വിവിധ ദിശകളിൽ സംഭവിച്ചത് സമാനമായ തോതിലും തലത്തിലും ഇന്നും നാളെയും ആവർത്തിച്ചു കൊണ്ടിരിക്കും.ഇന്നലെകളെ കുറിച്ചുള്ള പഠനവും പരിചിന്തനവും പ്രസക്തമാകുന്നത് ഇവിടെ ആണ്. ശാസ്ത്രവും സാങ്കേതിക വിദ്യയും ജീവിത യാത്രയുടെ ഗതിവേഗം വർധിപ്പിച്ചിട്ടുണ്ട് എങ്കിലും മനുഷ്യൻ എന്നും മനുഷ്യൻ തന്നെ ആണ്.ഡാർവിന്റെ സിദ്ധാന്തം അനുസരിച്ച് ഒരു ജീവിയിൽ നിന്നും മറ്റൊന്നിലേക്ക് പരിണാമം സംഭവിച്ചു മനുഷ്യൻ ഉണ്ടായി. അങ്ങനെ എങ്കിൽ ആ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യനിൽ പരിണാമം സംഭവിച്ചു മറ്റൊരു സൃഷ്ടിയാകുന്നില്ല. ദൈവം മനുഷ്യനെ പൂർണ്ണനായി സൃഷ്ടിച്ചത് മൻഷ്യനായിട്ടുതന്നെ. ആകയാൽ മനുഷ്യൻ എന്നും മനുഷ്യൻ തന്നെ. ഒരേ വികാരങ്ങൾ, വിചാരങ്ങൾ, ഒരേ പ്രശ്നങ്ങൾ, പങ്കപാടുകൾ, ഒരേ ആശകൾ, നിരാ ശകൾ, ദുഃഖങ്ങൾ, നെടുവീർപ്പുകൾ എന്നീ മാറ്റമില്ലാത്ത ഈ അവസ്ഥകളെ അന്ന് കൈകാര്യം ചെയ്ത രീതിയാണ്

ശേഷം പേജ് 3 ഇൽ....

## പാപത്തിന്റെ ശമ്പളമോ

**ചിന്താ ശകലം...** **സിസ്റ്റർ ബ്ലെസി സോണി**



പ്രകൃതിയും മനുഷ്യനുമായിട്ടുള്ള ബന്ധം തുടങ്ങിയത് സർവത്തിന്റെയും ഉടയവനായ യെഹോവയായ ദൈവം മണ്ണുകൊണ്ട് മനുഷ്യനായ ആദമിനെ സൃഷ്ടിച്ചതുമുതലാണ്. അനുസരണക്കേടിനാൽ ആദാം പാപിയായിത്തീർന്നു. ആ ഏകന്റെ പാപത്താൽ മരണം ഭൂമിയിൽ കടന്നു. പാപത്തിന്റെ കരാള ഹസ്തങ്ങളിൽ അകപ്പെട്ടുപോയ ആദമിന് ആദ്യം സംഭവിച്ചത് ആത്മീക മരണം. ദൈവത്തോട് കൂടെ നടക്കാനുള്ള അവസരവും ദൈവത്തിന്റെ പൂന്തോട്ടമായ ഏദനിലുള്ള വാസവും നിഷേധിക്കപ്പെട്ട് ആദാം പുറത്താക്കപ്പെട്ടു. ഭൂമിയിൽ മനുഷ്യർ പെരുകാൻ തുടങ്ങി, അവ്വണ്ണം തന്നെ പാപവും.

മോശെവരെ ലോകത്തിൽ ന്യായപ്രമാണം ഇല്ലാതിരുന്നതിനാൽ ആ ജനം അന്യായം പ്രവർത്തിക്കുകയും മനം തിരിയാതെയും ഇരുന്നു. എന്നാൽ മോശെ മുഖാന്തരം ദൈവം മനുഷ്യർക്ക് ന്യായപ്രമാണം നൽകി. പാപത്തിന്റെ പരിഹാരമാർഗമായി യാഗങ്ങൾ നിശ്ചയിച്ചു. എന്നാൽ ന്യായപ്രമാണത്തിനു പാപത്തെ പൂർണമായി മോചിക്കുവാൻ കഴിഞ്ഞില്ല

ദൈവത്തിന്റെ മുന്നറിവിനാൽ മുൻനിയമിച്ചവനായ കർത്താവായ യേശുക്രിസ്തുവിന്റെ വരവും അവന്റെ കാൽവറി മരണവുമായിരുന്നു അതിനുള്ള ശാശ്വത പരിഹാരം. അപ്പോസ്തോലനായ പൗലോസ് റോമാ ലേഖനം എഴുതുമ്പോൾ ചോദിക്കുന്നു പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ ? ഒരൊറ്റ ഉത്തരമേയുള്ളൂ, അവന്റെ മരണത്തോട് ഏകീഭവിക്കുക, അങ്ങനെയെങ്കിൽ അവന്റെ പുനരുത്ഥാനത്തോടും ഏകീഭവിക്കും.

ക്രിസ്തു ഒരിക്കലായി പാപ സംബന്ധമായി മരിച്ചു; ആരുടെ പാപം പരിഹരിക്കാനായി ? ഈ സകല മാനവ ജാതിയുടെയും പാപപരിഹാരത്തിനായി തന്നെ. പക്ഷെ അവൻ ഇന്നും ദൈവത്തിന് ജീവിക്കുന്നു. 'അവൻ ദൈവത്തിനു ജീവിക്കുന്നു' എന്നത് കൊണ്ട് എന്താണ് അർത്ഥം ആക്കുന്നത് ? പാപം നിങ്ങളുടെ മർത്യ ശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറ് ഇനി വാഴരുത് . നിങ്ങളുടെ അവയങ്ങളെ നീതിയുള്ള അവയങ്ങളായി ദൈവത്തിനു സമർപ്പിപ്പിൻ.

ആത്മീയ ആരാധനക്കും ദൈവിക പ്രവർത്തങ്ങൾക്കും ഈ കാലഘട്ടത്തിൽ ഒരു കുറവുമില്ല. എന്നാൽ ഒരേ ഉറവിൽ നിന്ന് കയ്പ്പും മധുരവും പുറപ്പെടുന്നതാണ് ഇന്നത്തെ അവസ്ഥ. ദൈവേഷ്ടത്തെക്കാൾ സ്വന്തമോഹങ്ങളെ അനുസരിച്ചു നടക്കുന്നതിൽ ചാരുതാർഥ്യം കണ്ടെത്തുന്നു.

പാപത്തിന്റെ ശമ്പളമോ മാരണമെത്രെ . പുനരുദ്ധാനത്തിന്റെ ശക്തി അറിഞ്ഞവരായ നാം പാപത്തിൽ വസിക്കുന്നുവെങ്കിൽ നാമും ജീവനുള്ളവരല്ല മരിച്ചവരാണ് .

എന്നാൽ യേശുക്രിസ്തുവിലുള്ള നീതിയോടുകൂടിയ ജീവിതം നമ്മെ ജീവനിലേക്ക് നയിക്കുന്നു. സമൃദ്ധിയായ ജീവനുണ്ടാകുവാനാണ് ക്രിസ്തു ഈ ലോകത്തിൽ അവതരിച്ചത്. അതിൽ യവനനും യെഹൂദനും എന്നില്ല എല്ലാവരും പാപം ചെയ്തു ഒരുപോലെ കൊള്ളരുതാത്തവരായി തീർന്നു. ഈ ഒരുവന്റെ മരണം എല്ലാവരെയും നീതികരണത്തിലേക്ക് നയിക്കുന്നു. അതിനാൽ ഇനി നാം നമുക്കുള്ളവരല്ല, ക്രിസ്തുവിനുള്ളവരത്രെ, അതിനാൽ നാം ക്രിസ്തുവിന്റെ ആനുകാരികളായിരിപ്പാൻ ഉത്സാഹിക്കാം. പാപത്തിന്റെ ശമ്പളം മരണമത്രേ.

പേജ് 2-ൻറെ തുടർച്ച..(ലേഖനം)

ഇന്നും നമുക്ക് ആവശ്യമായിട്ടുള്ളത്. ആകയാൽ ഇന്നലെകളിൽ നിന്ന് പാഠം ഉൾക്കൊണ്ട് ഇന്നിനെ വാർത്തെടുക്കാനും നാളെയെ കുറിച്ചു ഭാവി പ്രത്യാശ രൂപകല്പന ചെയ്യാനും നാം തയ്യാറാകണം. ഭൂത കാലത്തിന്റെ ആഴങ്ങളിൽ സഞ്ചരിച്ചു നാളകളിൽ കരുതലോടെ ജീവിക്കാൻ കരുത്താർജിക്കണം.

ഭൂത കാലത്തെ കുറിച്ചുള്ള അന്വേഷണവും പഠനവും, ഉറങ്ങി കിടക്കുന്ന ദുഃഖങ്ങളെയും, നിരാശകളെയും തട്ടി ഉണർത്താനല്ല ഉണങ്ങിയ മുറിപ്പാടുകൾ കീറി വൃണമാക്കാനും അല്ല, കഴിഞ്ഞ കാല ജീവിതത്തിൽ വന്നു ഭവിച്ച പരാജയ കാരണം കണ്ട് പിടിച്ച് വിജയത്തിനുള്ള കാരണം കണ്ട് പിടിക്കുന്നതിനായിരിക്കണം അത്. നിരാശയുടെയും മോഹ ഭംഗത്തിന്റെയും വിത്തുകൾ ഹൃദയത്തിൽ പാകുന്ന വ്യഥിത ചിന്തകൾ രോഗാതുര മനസിന്റെ സ്വഭാവം ആണ്. നഷ്ടപെട്ട ഇന്നലകളെ ഓർത്തു മാറത്തടിച്ചും, അലമുറ ഇട്ടും നിരാശ പെട്ടു ജീവിക്കുന്നതിൽ എന്താണ് അർത്ഥം. അത് ആത്മീയ ജീവിതത്തെ തളർത്തി പിന്തിരിപ്പിക്കും. കഴിഞ്ഞ കാലത്തിന്റെ വിസ്മരിക്കേണ്ട കയ്പുറ്റ അനുഭവങ്ങളെ വീണ്ടും സ്മൃതി പഥത്തിലെക്കു കൊണ്ടുവന്ന് മനസിന്റെ പിരി മുറുക്കം കൂട്ടുന്നത് എന്തിന്. ഭൂത കാലത്തിങ്കലേക്ക് കടന്നുപോയി നഷ്ടമായ ഇന്നലകളെ പിടിച്ചു കൊണ്ട് വരുവാൻ നമുക്കാവശ്യം എങ്കിൽ ഈ നിലപാട് സാധുകരിക്കാമായിരുന്നു ഒരിക്കലും നമുക്ക് അത് സാധിക്കില്ല. ഭാവി ജീവിതത്തിന്റെ കാണാമറയത്ത് എന്തല്ലാം അനുഭവങ്ങൾ ആണ് നമ്മെ കാത്തിരിക്കുന്നത് എന്ന് നമുക്കറിയില്ലല്ലോ ? ദൈവം എന്ത് ഇശ്ചിക്കുന്നുവോ അതു മാത്രം നടക്കുന്നു എന്ന് വിശ്വസിക്കുന്നതാണ് ഒരു വിശ്വാസിക്ക് യോഗ്യമായി ഇരിക്കുന്നത്.

ഭൂതകാലത്തിന്റെ നഷ്ടങ്ങൾ ഓർത്ത് ഖിന്നരും ദുഃഖിതനുമായി കുറ്റാരോപണങ്ങൾ പറഞ്ഞു നാൾ കഴിക്കാതെ ഉറച്ച കാൽ വെപ്പുകളോടെ തളരാത്ത മനസോടെ ഇന്നിനേയും നാളെയെയും യാഥാർഥ്യ ബോധത്തോടെ അഭിമുകീകരിക്കയാണ് ജീവിത വിജയം കാംക്ഷിക്കുന്നവർക്ക് കരണീയമായിട്ടുള്ളത്. കഴിഞ്ഞതോർത്തു കരഞ്ഞു കണ്ണീർ വാർത്തിരിക്കുന്നതിനു പകരം കഴിഞ്ഞ തെറ്റുകളും അബദ്ധങ്ങളും ആവർത്തിക്കാതെ പശ്ചാത്താപത്തോടും ആത്മീയ ദർശനത്തോടും കാൽ ചുവടുകളെ മുന്നോട്ടു വെക്കുന്നതിനാൽ ആണ് ഒരു വിശ്വാസിയുടെ വിജയം ദൈവത്തിനും മനുഷ്യനും ഇടയിൽ ഒരു മധ്യസ്ഥനും ഇല്ല, ക്രിസ്തു ഒഴികെ. ഏത് മനുഷ്യനും ദൈവവുമായി നേരിട്ടു ബന്ധപ്പെടാം. സ്വന്തം പാപത്തിനു മാപ്പിരന്നുകൊണ്ട് ആവശ്യങ്ങൾ അവന്റെ മുൻപിൽ സമർപ്പിക്കാം.എല്ലാറ്റിനും ഉപരി ദൈവത്തിന്റെ നിയന്ത്രണം നമ്മുടെ ജീവിതത്തിൽ ഉണ്ടാകട്ടേ.

വിശ്വാസിയുടെ ഭാവി പ്രത്യാശ ഭൂതകാല ജീവിതത്തിലെ തിക്താനുഭവങ്ങൾ മുഖാന്തരം തളർന്നു പോകുന്നതായി തീരരുത്. ആത്മീയ ജീവിതത്തിലോ, പ്രവർത്തങ്ങളിലോ, പാളിച്ചയോ, തളർച്ചയോ ഭവിച്ചിട്ടുണ്ടെങ്കിൽ അത് ഒരു ഗുണപാഠമായി തീരട്ടെ. ആ പരാജയ കാരണങ്ങളിൽ നിന്ന് വിജയത്തിന്റെ പാഠം ഉൾകൊണ്ട് സാഹചര്യങ്ങളെ അതിജീവിക്കുക.യുദ്ധക്കളത്തിൽ തളരുന്ന യോദ്ധാവിന് ശത്രുവിനെ കീഴ്പെടുത്തുവാൻ സാധ്യമല്ല. ഒരു സമസ്യ ആണ് ജീവിതം. അതിനെ ദൈവലോചന പ്രകാരം പണിത്തുയർത്താം.

മുൻകാലജീവിതത്തെയും ജീവിതാന്ത്യത്തെയും നിത്യ ജീവനെയും ഓർക്കുക. മർത്ഥ്യ വർഗത്തിനുള്ള കർത്താവിന്റെ തീർപ്പാണ് ഇത്. ഒരു നാഴിക നേരത്തെ വേദന, പൂർവ കാലത്തെ സകല സുഖങ്ങളും മായിച്ചു കളഞ്ഞു എന്നു വരാം. ഒരു എഴുത്തുകാരൻ പറഞ്ഞിരിക്കുന്നത് ഇങ്ങനയാണ്. 'പണം കൊണ്ട് കൊട്ടാരം പണിയാം; ഭവനം പണിയാനാവില്ല.. പണം കൊണ്ട് പട്ടു മെത്ത വാങ്ങാം; സുഖ നിദ്ര വാങ്ങാൻ ആകില്ല.. പണം കൊണ്ട് ഔഷധം വാങ്ങാം; ആയുസ് വാങ്ങാൻ ആകില്ല... പണം കൊണ്ട് സ്വർണ കുരിശു വാങ്ങാം; രക്ഷകനെ വാങ്ങാൻ ആകില്ല...'. ആകയാൽ എല്ലാം അറിയുന്ന കർത്തനെ ആശ്രയിച്ചു ഭാവി, പ്രത്യാശ യുള്ളതാക്കി മാറ്റുമ്പോൾ ആണ് ജീവിതത്തിൽ വിജയം ഉണ്ടാകുന്നത്.

## റോയൽ സ്കൂൾ ഓഫ് മ്യൂസിക്കിൽ നിന്നും എട്ടാം ഗ്രേഡുമായി ശ്യാം കുമാർ



കോട്ടയം : ലണ്ടൻ ആസ്ഥാനം ആയിട്ടുള്ള റോയൽ സ്കൂൾ ഓഫ് മ്യൂസികിന്റെ വിരുത് പരീക്ഷയിൽ ശ്യാം കുമാർ എട്ടാം ഗ്രേഡ് കരസ്ഥമാക്കി. ശ്യാമിന്റെ പിതാവ് ശശി കുമാറും സഹോദരൻ സുബിനും സംഗീത ലോകത്ത് ഇന്ന് അറിയപ്പെടുന്ന വയലിനിസ്റ്റുകൾ ആണ്.

ഐ പി സി കോട്ടയം കുഞ്ഞിക്കുഴി ഫിലാഡൽഫിയ സഭയിലെ അംഗമാണ് ഈ കുടുംബം.

## ക്ഷമയെന്ന മന്ത്രം

**ബിബിൻ ബാബു തരയശ്ശേരിൽ**

ചിലർ പറഞ്ഞു കേൾക്കാറുണ്ട് 'ക്ഷമയുടെ നെല്ലിപ്പലക കണ്ടു', 'ഒരുപാടു പൊറുതിമുട്ടി' എന്നൊക്കെ,... എന്നാൽ നാം എത്രത്തോളം ക്ഷമിക്കാറുണ്ട്? ബുദ്ധിമാനായ ഒരുവൻ ക്ഷമയോടെ സകലവും ഗ്രഹിക്കുന്നു. മുൻകോപവും ശാഠ്യവും ശാരീരികമായും മാനസികമായും നമ്മെ തളർത്തുമ്പോൾ ശാന്ത മനസ് ശരീരത്തിന് ജീവനായി പരിണമിക്കുന്നു! ദീർഘക്ഷമ ഉള്ളവൻ യുദ്ധ വീരനിലും ശ്രേഷ്ഠൻ എന്ന് സോളമൻ രാജാവ് പറഞ്ഞിട്ടുണ്ട് കാരണം അല്പം ക്ഷമ ഒടുക്കം അധികം പ്രാപിപ്പാൻ പ്രാപ്തമാക്കും! ചുരുങ്ങിയ കാലം കൊണ്ട് ക്ഷമയെക്കുറിച്ചു പ്രബോധിപ്പിക്കുകയും, ക്ഷമിക്കാൻ പഠിപ്പിക്കുകയും, മാത്രമല്ല അവസാന നിമിഷത്തിൽ ഒട്ടും സഹിക്കാൻ കഴിയാത്ത കൊടിയ വേദനയിൽ പോലും പഠിപ്പിച്ചതും പ്രബോധിപ്പിച്ചതുമായ ക്ഷമയെ പ്രാവർത്തികമാക്കി ദ്രോഹിച്ചവരോട് ക്ഷമിക്കണമെ എന്ന് പ്രാർത്ഥിച്ച യേശുദേവനാകട്ടെ നമ്മുടെ മാതൃക! ശാഠ്യമേവം ത്വരിതമാവരുകിലാനേരം സ്മരിക്കണം അതിജീവത്തിന്റെ ആപ്തവാക്യം, ക്ഷമയെന്ന മന്ത്രം!!.

# ക്രൈസ്തവ സഭയും വെല്ലുവിളികളും

Paveen George



ക്രൈസ്തവ സഭ ഈ കാലഘട്ടത്തിൽ ഒരുപാടു വെല്ലുവിളികൾ അഭിമുഖീകരിക്കുന്നുണ്ട്. സഭയുടെ സ്ഥാപകൻ ക്രിസ്തുവും സഭ ദൈവ വചനാടിസ്ഥാനത്തിൽ നില നിൽക്കുന്നതുമാണ്. എന്നാൽ ഈ കാലഘട്ടത്തിൽ ഒന്നു കണ്ണോടിച്ചു നോക്കുമ്പോൾ ദൈവിക പദ്ധതിയിൽ ഉള്ള സഭ എന്ന മർമത്തെ മനുഷ്യൻ തന്റേതായ നിലവാരത്തിലേക്ക് ഒതുക്കുകയാണ്.

എന്താണ് സഭ ? സഭ എന്നതിന് ഗ്രീക്കിൽ എക്ലിസിയ എന്ന പദം ആണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിന്റെ അർഥം വേർതിരിക്കപ്പെട്ടവരുടെകൂട്ടംഅഥവാഒരുപ്രത്യേക ഉദ്ദേശത്തിനായി വിളിച്ച് ചേർത്തവരുടെ കൂട്ടം എന്നാണ്.

പുതിയ നിയ മത്തിൽ നൂറ്റിപതിനഞ്ചു സ്ഥാനങ്ങളിൽ 'എക്ലിസിയ' എന്ന പദം ഉപയോഗിക്കുന്നുണ്ട്. അതിൽ നൂറ്റിപ്പത്ത് തവണയും സഭയെക്കുറിച്ച് ആകുന്നു പറഞ്ഞിരിക്കുന്നത്.


ക്രിസ്തുവിന്റെ ശക്തി വ്യാപാരിച്ചിരിക്കുന്നതിനാൽ ആദിമ സഭയുടെ ജീവിതം അത്ഭുതകരമായിരുന്നു. ലോകത്തെ കീഴ്മേൽ മറിച്ചു എന്നു പറയക്കത്തക്ക വിധം ശക്തിയോടെ അവർ പ്രവർത്തിച്ചു. അതിന്റെ പ്രധാന കാരണമായവർ ലോകത്തെ പിന്നിൽ നിർത്തി എന്നുള്ളതാണ്. ദൈവരാജ്യ വ്യാപ്തിക്കു പ്രാധാന്യം നൽകി സാത്തന്റെ സാമ്രാജ്യത്തിനു അവർ വെല്ലുവിളി ഉയർത്തി. എന്നാൽ ദൈവ സഭയ്ക്കു മുന്നിൽ വെല്ലുവിളികൾ ഉയരുന്നു. അപ്പോസ്തോലന്മാരും പിതാക്കന്മാരും സഭ ലോകത്തിൽ നിന്ന് വേർപെട്ടിരിക്കണമെന്നു പഠിപ്പിക്കുകയും അവർ ജീവിതം കൊണ്ട് മാതൃകയാവുകയും ചെയ്തു. എന്നാൽ പഠിപ്പിക്കലുകളെ കാറ്റിൽ പറത്തി ഇന്ന് സഭ ലോകത്തിലേക്കു ഇറങ്ങിയിരിക്കുകയാണ്. പ്രസംഗിക്കുന്നവരുടെയും പഠിപ്പിക്കുന്നവരുടെയും എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പക്ഷെ ജീവിതം കൊണ്ടുള്ള മാതൃകയിൽ പലരും പരാജയപ്പെട്ടു, പുസ്തകങ്ങൾ അച്ചടിച്ച് വെച്ച ക്രമങ്ങളുടെ അടിസ്ഥാനത്തിലോ സമയത്തിന്റെ അടിസ്ഥാനത്തിലോ ആയിരുന്നില്ല ആദിമ നൂറ്റാണ്ടിലെ സഭകളുടെ ആരാധന. ആദിമ സഭയിൽ വിശ്വാസികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടാകുകയും, ആരാധനകളിൽ ആത്മ സാന്നിധ്യം അനുഭവമായി നിലനില്ക്കയും ചെയ്തു. എന്നാൽ ഇന്നിന്റെസഭയിൽആത്മികസാന്നിധ്യവും അനുഭവങ്ങളും അമ്പേ കുറഞ്ഞിരിക്കുന്നു. 'ആദിമ നൂറ്റാണ്ടിലെ അനുഭവം പോൽ' എന്ന പാട്ടിൽ മാത്രമായി സഭകൾ ഒതുക്കപ്പെടുന്നുവോ? ആരാധനയിലെ അനുഭവങ്ങൾ ഇന്ന് അനുകരണങ്ങൾ ആയി മാത്രം മാറിയിരിക്കുന്നോ?

സഭ കെട്ടിയടച്ച മുന്തിരി തോട്ടത്തിനു സമമാണ്. നല്ലവിത്ത് വിതയ്ക്കുകയും അവ വളർന്നു വരുകയും ചെയ്യുമ്പോൾ, കയറിവരുന്ന കളയെ ഇല്ലാതാക്കുവാനുള്ള പ്രക്രീയ നാം ചെയ്തുകൊണ്ടിരിക്കണം. ഇന്ന് വിത്തും കളയും ഒരുപോലെ വളർന്നു വരികയാണ്, പാപമാകുന്ന കളയെ നശിപ്പിക്കുവാൻ ആരും തയ്യാറാകുന്നില്ല. സഭയും ലോകവും തമ്മിലുള്ള വ്യത്യാസം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇന്നിന്റെ സഭകളിലേക്കു നോക്കുമ്പോൾ സഭയ്ക്ക് അകത്ത് നിന്നു നൽഫലം പുറത്തു വരുന്നത് നന്നേ കുറഞ്ഞിരിക്കുന്നു. ദേവാലയത്തിലെ അനീതി കണ്ടിട്ടു യേശു ആ തെറ്റിന് നേരെ വിരൽ ചൂണ്ടി അതിനെ ശാസിച്ചതു പോലെ അനീതിയുടെ കളകൾ കാണുമ്പോൾ നാം കണ്ണടയ്ക്കരുത്. വാക്കിലും പ്രവർത്തിയിലും ഉള്ള അച്ചടക്കം ആത്മ നിയന്ത്രണവും അനിവാര്യമാണ്. (മത്തായി 21.13) യേശു പറഞ്ഞു 'എന്റെ ആലയം പ്രാർത്ഥനാലയം എന്ന് വിളിയ്ക്കപ്പെടും'

പണ്ട് മുതൽക്കെ സഭയുടെ വെല്ലുവിളികൾ അകത്ത് നിന്നും പുറത്ത് നിന്നും ഒരുപോലെ ആണ്. ആദിമ നൂറ്റാണ്ട് മുതൽക്കെ സഭയെ നശിപ്പിക്കുവാൻ പിശാച് ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. അതിനു വേണ്ടി വ്യക്തികളിലൂടെയും പ്രസ്ഥാനങ്ങളിലൂടെയും ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. എന്നാൽ സഭ തകർന്നില്ല. തകർക്കുവാൻ ശ്രമിച്ചവർ തകർന്ന ചരിത്രം നാം കാണുന്നു. യേശു പറഞ്ഞു 'ഞാൻ എന്റെ സഭയെ പണിയും പാതാള ഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല'.

യേശു നമുക്ക് കൈമാറിയ സഭ എന്ന മർമ്മം ഈ തലമുറയിൽ നമ്മളാൽ ആവോളം വിശാലമാകുവാൻ നാം ഉത്സുകരായിരിക്കാം, ദൈവ സഭയുടെ വളർച്ചയ്ക്കു വിഘാതം വരുത്തുവാൻ സാധ്യത ഉള്ള സകല ശക്തികൾക്കും എതിരെ നാം ദൈവിക പദ്ധതിയിൽ ആശ്രയിച്ച് മുന്നേറാം, സഭയെ അതിന്റെ ദൗത്യ നിർവഹണത്തിലേക്ക് ഉറപ്പിച്ച് നിർത്തേണ്ടത് നമ്മുടെ കടമയാണ്. അതിനാൽ ദൈവം ആഗ്രഹിക്കുന്ന നിലവാരത്തിലേക്ക് സഭയുടെ വളർച്ചയ്ക്കായി നമുക്ക് കൈകോർക്കാം.

# കാലാവസ്ഥ വ്യതിയാനം: ഉറുമ്പുകളെ സൂക്ഷിക്കണമെന്ന് പ്രവാസികൾക്ക് ആരോഗ്യ വിദഗ്തരുടെ മുന്നറിയിപ്പ്



റിയാദ് - തണുപ്പിൽ നിന്നു ചൂടിലേക്ക് മാറുന്ന ഗൾഫ് കാലാവസ്ഥയിൽ ഉറുമ്പുകളെയും തേളുകളെയും സൂക്ഷിക്കണമെന്ന് ആരോഗ്യ വിദഗ്ധർ മുന്നറിയിപ്പ് നൽകി. സൗദിയുടെ എല്ലാ ഭാഗങ്ങളിലും കണ്ടുവരുന്ന കറുത്ത ഉറുമ്പുകളും വടക്കൻ പ്രവിശ്യകളിലെ തേളുകളും മനുഷ്യർക്ക് ഭീഷണിയാണെന്നും പ്രത്യേകിച്ച് ആസ്ത്മ, അലർജി രോഗങ്ങളുള്ളവർ പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കണമെന്നും ആരോഗ്യ പ്രവർത്തകർ അറിയിച്ചു.

ആസ്ത്മ, അലർജി ബാധിതർ, നേരത്തെ ഉറുമ്പ് കടിയേറ്റ് അലർജിയുള്ളവർ എന്നിവർ ഡോക്ടർമാരുടെ നിർദേശപ്രകാരം അലർജിയുടെ മരുന്നുകൾ വീട്ടിൽ കരുതണം. അലർജിയുണ്ടായി ശ്വാസ തടസ്സം അനുഭവപ്പെട്ടിട്ടുള്ളവർ ഉറുമ്പുകടിയേറ്റാൽ ആന്റി ഹിസ്റ്റമിൻ ഗുളികകളോ എപീനഫ്രിൻ ഇഞ്ചക്ഷൻ മരുന്നോ വിദഗ്ധരുടെ നിർദേശപ്രകാരം ഉപയോഗിക്കണമെന്ന് കിംഗ് അബ്ദുൽ അസീസ് മെഡിക്കൽ സിറ്റി പബ്ലിക് ഹെൽത്ത് സ്പഷ്യലിസ്റ്റ് ഡോ. അബ്ദുൽ അസീസ് പറഞ്ഞു.

എപീനഫ്രിൻ മസിലുകളിൽ ഇഞ്ചക്ട് ചെയ്യുകയാണ് വേണ്ടത്. ഈ മരുന്ന് പെന്നിന്റെ രൂപത്തിലും മാർക്കറ്റിൽ ലഭ്യമാണ്. ആസ്ത്മ, അലർജി ബാധിതർ വീട്ടിൽ നിന്ന് പുറത്തുപോകുമ്പോഴും ഇത്തരം മരുന്നുകൾ കൂടെ കരുതണം. വിഷ ജന്തുക്കളുടെ കടിയേറ്റാൽ മരുന്നുപയോഗിക്കുകയും ഉടൻ തന്നെ ആശുപത്രികളിലെത്തി ചികിത്സ തേടുകയും വേണം.

സാധാരണ ഗതിയിൽ ഇത്തരം വിഷബാധയേറ്റവർക്ക് ശ്വാസ തടസ്സം അനുഭവപ്പെടുകയാണ് ചെയ്യുന്നത്. ക്രമേണ ശ്വാസം നിലക്കും. പൂർണ ശ്വാസ തടസ്സം വന്നുപോയാൽ പിന്നെ രക്ഷയുണ്ടാകില്ല. ആസ്ത്മ, അലർജി ബാധിതർക്ക് മാത്രമാണ് ഇത്തരം ഉറുമ്പുകളുടെ ആക്രമണം സാരമായി ബാധിക്കുക.

എന്നാൽ ഇത് കാര്യമാക്കാതിരിക്കുന്നത് പലപ്പോഴും മരണത്തിന് കാരണമാകുന്നു. ആശുപത്രിയിലെത്തിച്ചാൽ തന്നെ കൃത്രിമ ശ്വാസം നൽകുന്ന സിപിആർ പ്രക്രിയക്ക് ഇരുപത് മിനിട്ടെങ്കിലും എടുക്കും. അതിനിടെ മസ്തിഷ്ക മരണം സംഭവിച്ചാൽ പിന്നെ ജീവിതത്തിലേക്ക് തിരിച്ചുവരാൻ പ്രയാസമാണെന്നാണ് ഈ രംഗത്തെ വിദഗ്ധർ പറയുന്നത്.

കഴിഞ്ഞ വർഷം ജൂണിൽ റിയാദിൽ വിഷ ഉറുമ്പ് കടിച്ച് മലയാളി യുവതി മരിച്ചിരുന്നു. രണ്ടു കുട്ടികളുടെ മാതാവായ കണ്ണൂർ സ്വദേശി സംറീൻ സഹേഷാണ് (36) മരണപ്പെട്ടത്.

കഴിഞ്ഞ ദിവസം റിയാദിൽ അടൂർ സ്വദേശിനി മരിക്കാനിടയായത് ഉറുമ്പു കടിച്ചുണ്ടായ വിഷബാധയെ തുടർന്നായിരുന്നു. ശ്വാസ തടസ്സം സംഭവിച്ച് ഹാർട്ട് നിന്നുപോയ അവസ്ഥയിലാണ് ആശുപത്രിയിൽ എത്തിക്കാനായത്.

## യുഎ ഇ ഡ്രൈവിംഗ് ലൈസൻസ് ഇപ്പോൾ 50 രാജ്യങ്ങളിൽ അംഗീകരിച്ചു

യു.എ.ഇ. : യു.എ.ഇ. ഡ്രൈവിംഗ് ലൈസൻസ് ഉള്ളവർ സമീപ ഭാവിയിൽ വിദേശത്തേക്ക് നിങ്ങൾ സഞ്ചരിക്കുകയാണെങ്കിൽ, നിങ്ങൾക്ക് ഇപ്പോൾ യു.എ.ഇ ഡ്രൈവിംഗ് ലൈസെൻസ് ഉപയോഗിച്ച് ലോകമെമ്പാടുമുള്ള 50 രാജ്യങ്ങളിൽ വാഹനം ഓടിക്കാം

വിദേശകാര്യ, അന്താരാഷ്ട്ര സഹകരണ മന്ത്രാലയത്തിന്റെ (MoFAIC) പ്രകാരം, ഇപ്പോൾ നിങ്ങൾക്ക് നിങ്ങളുടെ യുഎഇ ഡ്രൈവർ ലൈസെൻസ് ഉപയോഗിച്ച് ഇനിപ്പറയുന്ന രാജ്യങ്ങളിൽ ആയിരിക്കും വാഹനം ഓടിക്കുവാൻ കഴിയുക

സൗദി അറേബ്യ, ബഹ്റൈൻ, കുവൈത്ത്, ഒമാൻ, അൾജീരിയ, ജോർദാൻ, മൊറോക്കോ, സിറിയ, ലബനാൻ, യെമൻ, സൊമാലിയ, സുഡാൻ, മൗറിത്താനിയ, ജിബൂത്തി, കൊമോറസ്, ടുണീഷ്യ, ഇറാഖ്, പലസ്തീൻ, സ്പെയിൻ, ഫ്രാൻസ്, യുഎസ്എ, യുകെ, ഇറ്റലി, ജർമ്മനി, ഡെൻമാർക്ക്, സ്ലൊവാക്യ, നെതർലാൻഡ്സ്, സ്ലോവേക്യ, അയർലണ്ട്, ഓസ്ട്രിയ, ഗ്രീസ്, സ്വീഡൻ, ചൈന, പോളണ്ട്, കാനഡ, തുർക്കി, നോർവെ, ലാറ്റ്വിയ, ന്യൂസിലാൻഡ്, സെർബിയ, ദക്ഷിണാഫ്രിക്ക, ഫിൻലൻഡ്, ഹംഗറി, ലക്സംബർഗ്, ലിത്വാനിയ, സിംഗപ്പൂർ.

മുമ്പ്, നിങ്ങൾക്ക് ഓസ്ട്രിയ, സ്ലൊവാക്യ, ലക്സംബർഗ്, ചൈന, ഫിൻലാന്റ്, റൊമാനിയ, ഡെൻമാർക്ക്, സെർബിയ എന്നിവടങ്ങളിൽ മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളായിരുന്നു

# ഗർത്തത്തിലാഴ്ന്ന പ്രതിഭാധനൻ

*(Biju Benny Moria)*



**സ്റ്റീഫൻ ഹോക്കിങ്സ്,** ബലഹീനശരീരത്തിലെ വിരൽ തുമ്പിനാൽ ശാസ്ത്രലോകത്തിനും മനുഷ്യഗണത്തിനും അത്ഭുതങ്ങൾ സൃഷ്ടിച്ച ശാസ്ത്ര പ്രതിഭ.

യുകെയിലെ ഓക്സ്ഫഡിൽ ഫ്രാങ് ഹോക്കിങ്ങിന്റെയും ഇസബെലിന്റെയും മകനായി 1942 ജനുവരി എട്ടിനാണു ഹോക്കിങ്ങിന്റെ ജനനം. സ്റ്റീഫൻ വില്യം ഹോക്കിങ്ങിന് ഊർജതന്ത്രത്തിലും ഗണിതത്തിലുമായിരുന്നു താൽപര്യം. ഓക്സ്ഫോർഡ് സർവകലാശാലയിൽ ബിരുദ പഠനത്തിനു ശേഷം കേംബ്രിജിൽ ഗവേഷണത്തിനുള്ള ഒരുക്കങ്ങൾക്കിടയിൽ 1962ൽ, പെട്ടെന്ന് ഒരു ദിവസം സ്റ്റീഫൻ ഹോക്കിങ് കുഴഞ്ഞു വീഴുകയായിരുന്നു.

മോട്ടോർ ന്യൂറോ ഡിസീസ് എന്ന അപൂർവരോഗം ഡോക്ടർമാർ കണ്ടെത്തി. ശരീരം തളർന്ന അദ്ദേഹം രണ്ടുവർഷത്തിലധികം ജീവിക്കില്ലെന്നായിരുന്നു ഡോക്ടർമാരുടെ പ്രവചനം. എന്നാൽ പ്രവചനാതീതനായി സൈദ്ധാന്തിക ഭൗതികശാസ്ത്രജ്ഞരിൽ വിഖ്യാതനായി.

ശരീരമാസകലം തളർന്നു പോയെങ്കിലും ഭിഷഗ്വരന്മാരെ അത്ഭുതപരതന്ത്രനാക്കിയിരുന്നു. ശരീരം തളർന്നെങ്കിലും തളരാത്ത മനസ്സുമായി വീൽചെയറിൽ ഇരുന്നു പ്രപഞ്ച രഹസ്യങ്ങളുടെ ചുരുൾ നിവർത്തി.

രോഗാവസ്ഥയിൽ തന്റെ പ്രിയതമ ജെയിൻ നൽകിയ സ്നേഹവും പിന്തുണയുമാണു തുടർന്നുള്ള തന്റെ ജീവിതം സാധ്യമാക്കിയതെന്നു ഹോക്കിങ് പറഞ്ഞിട്ടുണ്ട്.

സമയത്തിന്റെ സംക്ഷിപ്ത ചരിത്രം (എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം ) എന്ന പുസ്തകമാണു ഹോക്കിങ്ങിനെ പ്രശസ്തിയുടെ അത്യുച്ചകൊടിയിലെത്തിച്ചത്. ശാസ്ത്രരഹസ്യങ്ങളുടെ ചുരുളഴിക്കുന്ന ഹോക്കിങ് മനുഷ്യർക്കു മുന്നറിയിപ്പു നൽകിയിരുന്നു. ഭൂമിയിൽ ദിനങ്ങൾ എണ്ണപ്പെട്ടുകഴിഞ്ഞെന്നും നൂറു വർഷങ്ങൾ കൂടി മാത്രമേ മനുഷ്യഗണം എണ്ണപ്പെടുന്നുള്ളു വെന്നും. മുപ്പതു വർഷത്തിനകം ചന്ദ്രനിൽ താവളം നിർമിക്കാനാകണമെന്നും പ്രകാശത്തിന്റെ അഞ്ചിലൊന്നു വേഗത്തിൽ സഞ്ചരിക്കാൻ കഴിയുന്ന ബഹിരാകാശ പേടകം ഒരുക്കണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ അടങ്ങാത്ത അന്യഗ്രഹ ചിന്ത.

ഹോക്കിങ്സ് പറഞ്ഞതിപ്രകാരം, 'നമുക്കു ഭൂമിയിൽ ഇടമില്ലാതായി വരികയാണ്. പോകാനുള്ളതു മറ്റു ഗ്രഹങ്ങളിലെ സ്ഥലങ്ങൾ മാത്രമാണ്. അതുകൊണ്ടു സൗരയൂഥസഞ്ചാരം ആരംഭിക്കണം. മനുഷ്യർ ഭൂമി ഉപേക്ഷിക്കേണ്ടിവരുമെന്ന കാര്യത്തിൽ എനിക്കൊരു സംശയവുമില്ല'. കൃത്രിമ ബുദ്ധി വികസനത്തിനെ അദ്ദേഹം നിശിതമായി എതിർത്തിരുന്നു.

ചിന്തിക്കുന്ന യന്ത്രങ്ങളോടു പിടിച്ചുനിൽക്കാൻ മനുഷ്യർക്കാവില്ലെന്നും അതൊടുവിൽ മനുഷ്യ നിലനിൽപ്പിനു തന്നെ ഭീഷണിയായി തീരുമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ദൃശ്യ പ്രപഞ്ചത്തിൽനിന്നു ശാഖകളായി പിരിയുന്ന ശിശു പ്രപഞ്ചങ്ങൾ (baby universe) എന്ന ആശയവും ഹോക്കിങ്സ് ആണവതരിപ്പിച്ചത്. എന്നാൽ ഈയടുത്ത കാലത്ത് ബ്ലാക് ഹോളുകൾ ഇല്ലെന്നും പകരം ഗ്രേ ഹോളുകൾ ആണുള്ളതെന്നും ഉള്ള നിഗമനം അവതരിപ്പിച്ച സ്റ്റീഫൻ ഹോക്കിങ് വീണ്ടും ശാസ്ത്രലോകത്തെ അമ്പരപ്പിച്ചു.

ചന്ദ്രസീമക്കപ്പുറമുള്ള പിണ്ഡമുള്ള നക്ഷത്രങ്ങൾ പരിണാമത്തിന്റെ അവസാന ഘട്ടത്തിൽ തമോഗർത്തമായിത്തീരുമെന്നു കണ്ടെത്തി ശാസ്ത്രലോകത്തിനു പുതു വിസ്മയങ്ങൾ സൃഷ്ടിച്ച അത്ഭുതപ്രതിഭയായ വന്ദിതൻ പ്രപഞ്ചത്തെ നിർമ്മിച്ച സൃഷ്ടിതാവിനെ വണങ്ങാൻ കഴിയാത്ത നിരീശ്വരവാദിയായിരുന്നു. തന്റെ ബുദ്ധി വൈഭവത്താൽ ദൈവം ഇല്ലെന്നു പറയുന്നവരെ പോലും പ്രപഞ്ചത്തിന്റെ രഹസ്യസിദ്ധാന്തങ്ങളെ വർണ്ണിച്ചു കാട്ടി 'ദൈവമേ'യെന്നു വിളിപ്പിച്ചെങ്കിലും ബുദ്ധി രാക്ഷസനായ ഹോക്കിങ്സ്, സത്യവേദപുസ്തകപരമായി വെറുമൊരു 'മൂഡൻ' ആയിരുന്നു. വിലയേറിയ പണവും പ്രതാപവും കുമ്പിടുവാൻ തക്ക ബുദ്ധി വൈഭവവും ഉണ്ടെങ്കിലും വിലയേറിയ ആത്മാവിനെ നഷ്ടമാക്കിയാൽ എന്ത് പ്രയോജനം?

ഇല്ലായ്മ ഒരു നഷ്ടബോധം തരുണ്ടെങ്കിലും അദ്ദേഹത്തിന്റെ ദൈവവിശ്വാസത്തോടുള്ള അകൽച്ച ഒരു വല്ലായ്മ സൃഷ്ടിക്കുന്നു. തമോഗർത്തതിനെ കുറിച്ച് പഠനവിധേയമാക്കിയ അദ്ദേഹത്തിന്റെ അവസ്ഥ അധമഗർത്തത്തിലാണെന്നു ഓർക്കുമ്പോൾ ഒരു ഭയാനകത്വവും.

## മരുഭൂമിയിലെ നീരുറവ

കവിത — ജോസി പോത്തൻ

പ്രഭാതമേ നീ വന്നടുത്തു
അലയുന്നു ഞാനീ മണ്ണിൻ
വൻതാപം പേറി
പൈതലുമായ്

പശിയകറ്റിടും അപ്പവും
തുരുത്തിയിൽ നീരിൻകണവും
ഒട്ടുമില്ലാതെ ഒടുവിലായി
ഊഷര ഭൂമിയിൽ
ഉത്തരമില്ലാതെ
ഉദ്ഗമിക്കുന്നെന്നിൽ
നിർഝരികൾ

അശ്രുക്കളൊഴികിടും
എന്നുടെ മേനിയിൽ
എപ്പോഴുമണഞ്ഞതാം
മൽ സുനുവാം പൈതൽ
ആശ്രയമില്ലാതെ കിടക്കുന്നു
ഒടുവിലായി
കുറുങ്കാട്ടിൻ തണലിൽ

ഇല്ല !!എനിക്ക് കാണണ്ടേ
നിൻ മരണം
ചുട്ടു പഴുക്കും മണ്ണിൽ മീതെ
അഴുകും ഞാനുമിവിടെ
ഒരു നേരമകലുമ്പോൾ
നിന്നോടൊപ്പം

തുംഗമാം സ്വർണ കതിർ
പൊന്നോളി വീശും നേരം
ഊഷരഭൂമിയിൽ കരഞ്ഞവൾ
തീഷ്ണമാം ആമയത്താൽ

കഠിനമാം കതിരവൻ പ്രഭ
ബാലനുമേൽ പതിക്കുമ്പോൾ
എന്നുടൽ ഉരുകുന്നു
കാഴ്ചകൾ കാണാതെ

ഒടുവിലാ പൈതലിൻ
നിർമ്മല കരച്ചിലിനാൽ
ധാമം നിറഞ്ഞതാം വിണ്
ദൂതൻ അരികിലായി
അണഞ്ഞെത്തി

നിനക്കായി പകരുന്നു
പൈതലിൻ അരികെ
ജീവനാം പുതു തോയം
ഒഴുകും നീരുറവയായി.......

# മൗനം മൂല്യ ജീവിതത്തിൽ

പാസ്റ്റർ ലിജോ ജോണി കെ.



യോനാ പ്രവാചകനെക്കുറിച്ചും അദ്ദേഹത്തെ വിഴുങ്ങിയ ഭീമനായ ആ തിമിംഗലത്തെക്കുറിച്ചും നാം ഏവരും തിരുവചനത്തിൽ വായിച്ചിട്ടുണ്ടല്ലോ.

ആരും പ്രതീക്ഷിക്കാതിരുന്ന സമയത്തുണ്ടായ കടൽക്ഷോഭത്തിന്റെ കാരണം പ്രവാചകൻ യോനയാണെന്ന് കപ്പലിലുള്ളവർക്ക് മനസിലായപ്പോൾ അവർ യോനായെ കടലിലേക്ക് വലിച്ചെറിഞ്ഞു. അപ്പോൾ പ്രവാചകൻ ചെന്നുവീണതാകട്ടെ ഒരു ഭീമൻ തിമിംഗലത്തിന്റെ വായിലേക്കും

അദ്ധ്വാനം ഒന്നും ഇല്ലാതെ അപ്രതീക്ഷിതമായി ലഭിച്ച ഇരയെ ഓർത്ത് തിമിംഗലത്തിന് ഏറെ സന്തോഷം, എന്നാൽ യോന വയറിനുള്ളിൽ എത്തിയ നിമിഷം മുതൽ തിമിംഗലത്തിനു വയറു വേദന തുടങ്ങി. മൂന്ന് രാവും മൂന്ന് പകലു മുഴുവനും കലശലായ വയറു വേദനയുമായി മൽസ്യം വെള്ളത്തിലൂടെ മുങ്ങിയും പൊങ്ങിയും വല്ലാതെ അലഞ്ഞു. അവസാനം, സഹികെട്ടപ്പോൾ തിമിംഗലം പ്രവാചകനെ സമുദ്ര തീരത്തേക്കു ഛർദ്ദിച്ചു.

പ്രവാചകനെ പുറത്തുകളഞ്ഞ ഉടനെ തിമിംഗലത്തിന്റെ വയറു വേദന മാറി. അപ്പോൾ തിമിംഗലം പ്രവാചകനോട് പറഞ്ഞു 'അങ്ങയെ വിഴുങ്ങുവാൻ ഇടയായത് എന്റെ ഗതികേട് എന്നല്ലാതെ എന്ത് പറയാനാണ്. 'അപ്പോൾ പ്രവാചകൻ പറഞ്ഞു 'നീ ആവശ്യം ഇല്ലാതെ വായ് തുറന്നതല്ലേ ഇതിനെല്ലാം കാരണം? ഇനിയെങ്കിലും ആവശ്യം ഉള്ളപ്പോൾ മാത്രം വായ് തുറക്കാൻ പഠിക്കൂ'

തിമിംഗലത്തിന് യോനാപ്രവാചകൻ നൽകിയ ഈ ഉപദേശം ബൈബിളിൽ നോക്കിയാൽ നമുക്കു കാണുവാൻ സാധിക്കില്ല കേട്ടോ പ്രിയരേ. എന്നാൽ പ്രവാചകന്റെ ഈ ഉപദേശം തിമിംഗലത്തേക്കാൾ ഏറെ ആവശ്യം ഇന്നത്തെ ഈ തലമുറയിലെ നാം ഓരോരുത്തർക്കും ആണ്

അവസരത്തിലും അനവസരത്തിലും ഒരുപോലെ വായ് തുറക്കുന്നവരെ നാം നമ്മുടെ ചുറ്റുപാടുകളിൽ, കൂട്ടായ്മകളിൽ, ഓഫീസിൽ, ഭവനത്തിൽ വരെ പലപ്പോഴും കാണാറുണ്ട്. എപ്പോഴാണ് വായ് തുറക്കേണ്ടതെന്നും ഇവർക്ക് അറിയില്ല. പക്ഷെ അതുകൊണ്ട് സംഭവിക്കുന്നത് എന്താണെന്നോ ? അവർക്കെന്നതുപോലെ മറ്റുള്ളവർക്കും ഇങ്ങനെ ഉള്ളവർ വയറു വേദനയും, തലവേദനയും , അതിലേറെ വേദനകളും സൃഷ്ടിക്കുന്നു.

പ്രിയരേ, ആലോചിച്ച് നോക്കൂ, നമ്മുടെയൊക്കെ ജീവിതത്തിൽ പലപ്പോഴും ഉണ്ടാകുന്ന പല പ്രശ്നങ്ങൾക്കും വേദനകൾക്കും കാരണം നമ്മളോ അല്ലങ്കിൽ മറ്റൊരാളോ അനവസരത്തിൽ വായ് തുറക്കുന്നതല്ലേ ? വേണ്ടത്ര ആത്മസംയമനം പാലിച്ചുകൊണ്ട് നിശബ്ദത പാലി

ശേഷം പേജ് 6 ഇൽ....

പേജ് 5-ൻറെ തുടർച്ച..

ക്കേണ്ട കാര്യങ്ങളിലും സമയങ്ങളിലും നാം വായ് തുറക്കാതിരിക്കുകയാണെങ്കിൽ പല പ്രശ്നങ്ങളും, വേദനകളും നമുക്ക് ഒഴിവാക്കാനാകും, അതുപോലെ തന്നെ, ചിലപ്പോഴെങ്കിലും നാം നിർബന്ധമായും വായ് തുറക്കേണ്ടതും ആവശ്യമാണ്. പ്രത്യേകിച്ചും നമ്മുടെ മൗനം തെറ്റിനെ അംഗീകരിക്കുന്നത് പോലെയായിത്തീരുന്ന അവസരം സംജാതമാകുമ്പോൾ

അതുകൊണ്ട് നിശബ്ദത പാലിക്കുന്നതാണ് എപ്പോഴും നല്ലത് എന്ന ചിന്ത ഒരിക്കലും വേണ്ട. ചിലപ്പോഴെങ്കിലും നാം നിശബ്ദത പാലിക്കുന്നതു മൂലം നമ്മുടെ പ്രശ്നങ്ങൾ വർദ്ധിക്കുന്നതല്ലാതെ കുറയുകയില്ലന്ന് ആർക്കാണ് അറിയാത്തത് ? പ്രത്യേകിച്ചും പരസ്പര സംഭാഷണവും ജീവിതാനുഭവങ്ങളുടെ ആത്മാർത്ഥമായ പങ്കുവെയ്ക്കലും മറ്റും ആവശ്യമായിവരുന്ന അവസരങ്ങളിലും സാഹചര്യങ്ങളിലും, ഉദാഹരണം കുടുംബ ബന്ധങ്ങളും വ്യക്തി ബന്ധങ്ങളുമൊക്കെ വളരുകയും ആഴത്തിൽ വേരൂന്നുകയും ചെയ്യണമെങ്കിൽ ഉള്ളു തുറന്ന പങ്കുവയ്ക്കലും, സംഭാഷണവും വളരെ അനിവാര്യമാണ് .

എന്നിരുന്നാലും, ഇതുപോലുള്ള അവസരങ്ങളിൽ പോലും ശരിയായ രീതിയിലുള്ള മൗനായരണത്തിന് പ്രസക്തിയുണ്ടെന്ന് നാം ഒരിക്കലും മറക്കരുത്

ഒരിക്കലൊരു വിനോദസഞ്ചാരി ഒരു ചെറിയ ഗ്രാമത്തിലെത്തുവാനിടയായി. അവിടെയുണ്ടായിരുന്ന ഒരു ചെറിയ ഭക്ഷണശാലയിൽ അയാൾ ഭക്ഷണം കഴിക്കുവാൻ കേറുമ്പോൾ അവിടെ പലരും വട്ടം കൂടിയിരിപ്പുണ്ടായിരുന്നു. പക്ഷെ അവരിൽ ആരും ഒന്നും സംസാരിക്കുന്നുണ്ടായിരുന്നില്ല. വിദേശി മറ്റുള്ളവരോട് സൗഹൃദസംഭാഷണത്തിനു ശ്രമിച്ചിട്ട് അവരിൽ നിന്നും വലിയ പ്രതികരണം ലഭിച്ചില്ല. അപ്പോൾ ആദേഹം ചോദിച്ചു, 'എന്താ, ഇവിടെ ആരും സംസാരിക്കരുതെന്ന് എന്തെങ്കിലും നിയമവും മറ്റും ഉണ്ടോ ?'

അപ്പോൾ അവരിൽ ഒരാൾ മറുപടിയായി പറഞ്ഞു; 'അങ്ങനെ നിയമം ഒന്നും ഇല്ല എന്നാൽ നിശ്ശബ്ദതയേക്കാൾ ശ്രേഷ്ഠമായത് എന്തെങ്കിലും മറ്റുള്ളവർക്ക് നൽകുവാൻ ഉണ്ടങ്കിലേ സംസാരിക്കാവൂ എന്നൊരു ധാരണ ഞങ്ങൾക്കുണ്ട്.

നമുക്കും ഇതുപോലെ ഒരു ധാരണ ഉണ്ടാവുന്നത് വളരെ നല്ലതാണ്. നാം സംസാരിക്കുന്നുവെങ്കിൽ അത് നിശബ്ദതയെക്കാൾ മെച്ചമായിട്ടെന്തെങ്കിലും മറ്റുള്ളവർക്കു നൽകുവാൻ സാധിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നത് ജീവിതം വളരെ സൗന്ദര്യപൂർണമാക്കും എന്നതിന് മാറ്റമില്ല.

നമ്മുടെ സംസാരം മറ്റുള്ളവർക്ക് ആനന്ദവും, ആശ്വാസവും നല്കുന്ന തരത്തിലുള്ളതായിരിക്കട്ടെ, അതുപോലെ നമ്മുടെ സംസാരം നമുക്കോ, മറ്റുള്ളവർക്കോ ഏതെങ്കിലും രീതിയിൽ ഹാനികരമായിത്തീരുന്നുണ്ടോ എന്ന് പരിശോധിക്കുവാനും നമ്മുടെ ജീവിതം കൊണ്ട് ഉപകരിക്കട്ടെ .

നിശ്ശബ്ദതക്ക് അതിന്റെതായ മൂല്യം ഉണ്ട്. തന്മൂലും നാം ആരുടെയെങ്കിലും നിശബ്ദതയെ ഭഞ്ജിക്കുമ്പോൾ നമ്മുടെ സംഭാഷണം നിശബ്ദയെക്കാൾ മെച്ചവുള്ളത് ആയിരിക്കണമെന്ന് നമ്മുടെ ജീവിതചര്യ ആകട്ടെ. അങ്ങനെയെന്നാൽ നാം വായ് തുറക്കുന്നതു വഴി നമുക്കോ മറ്റാർക്കെങ്കിലുമോ വയറുവേദനയോ അതിലേറിയ വേദനകളോ ഉണ്ടാവുകയില്ലന്നത് സുനിശ്ചിതം.

'അവൻ വായ് തുറക്കാതെ മൗനമായിരുന്നു (വിശുദ്ധ ബൈബിൾ).

# ഡോ.സിന്നു സൂസൻ തോമസിന് ഗാന്ധിയൻ യുവ സാങ്കേതിക പുരസ്കാരം ലഭിച്ചു.




ന്യൂഡൽഹി: പെന്തെക്കോസ്ത് വിശ്വാസി ഡോ. സിന്നു സൂസൻ തോമസിനു ഗാന്ധിയൻ യുവ സാങ്കേതിക കണ്ടുപിടുത്തത്തിനുള്ള പുരസ്കാരം ലഭിച്ചു. ഡൽഹിയിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി രാം നാഥ് കോവിന്ദിൽ നിന്നും പുരസ്കാരം ഏറ്റ് വാങ്ങി. റോഡപകടങ്ങൾ വീഡിയോയിലൂടെ കണ്ട് ഗുണവിശേഷങ്ങൾ മനസിലാക്കാം എന്ന വിഷയത്തിനാണ് പുരസ്കാരം ലഭിച്ചത്.

ഐ.പി.സി പെരുമ്പാവൂർ സെന്റർ തൃക്കളത്തൂർ സഭാ വിശ്വാസിയും മൂവാറ്റുപുഴ തൃക്കളത്തൂർ നാരിയേലിൽ വീട്ടിൽ അനീഷ് എം. പോളിന്റെ ഭാര്യയാണ് സിന്നു. രാജസ്ഥാനിലെ കോട്ടയിൽ നിന്ന് B.tech , സൂറത്ത്കൽ എൻ.ഐ.റ്റിയിൽ നിന്ന് M.tech നും ശേഷം കാൺപുർ ഐ.ഐ.റ്റി യിൽ നിന്ന് Ph.D യും കരസ്ഥമാക്കി. ചെറുപ്രായം മുതൽ യേശുവിന്റെ സുവിശേഷം അറിയിക്കുവാൻ തല്പരയായിരുന്ന സിന്നു തന്റെ 7 വർഷത്തെ കാൺപൂർ ഐ.ഐ.റ്റി. യിലെ പഠന സമയത്ത് സഹപാഠികളായ വിവിധ ഭാഷക്കാരായ വിദ്യാർഥികളെ കൂട്ടി ക്യാംപസിനകത്ത് പ്രാർഥനാ ഗ്രൂപ്പുകൾ ആരംഭിക്കുകയും ഐ.ഐ.റ്റി ഫെലോഷിപ്പ് കോഓർഡിനേറ്ററായി സേവനമനുഷ്ഠിക്കുകയും ചെയ്തു

ഭർത്താവ് അനീഷ് എം.പോൾ എറണാകുളം ബി.എസ്.എൻ എൽ സബ്ഡിവിഷൻ എഞ്ചിനിയർ ആണ്. മൂവാറ്റുപുഴ, വാഴക്കുളം വിശ്വജ്യോതി എൻഞ്ചിനിയറിംങ്ങ് കോളേജിൽ അസോസിയേറ്റ് പ്രഫസർ ആയി ഡോ. സിന്നു പ്രവർത്തിക്കുന്നു. മക്കൾ. ജോനാഥാൻ, ജോവാൻ.

ചെങ്ങന്നൂർ കൊഴുവല്ലൂർ നെടിയകാലായിൽ എൻ.ഇ.തോമസിന്റെയും സാറാമ്മ തോമസിന്റെയും മകളാണ് ഡോ. സിന്നു സൂസൻ തോമസ്.

# കർണാടകയിൽ ചർച്ച് ഓഫ് ഗോഡ് പുതിയ പ്രൊജക്റ്റ്കൾക്ക് രൂപം കൊടുത്തു് പ്രവർത്തനം ശക്തമാക്കുന്നു.



കർണാടക ഇന്ത്യ പൂർണ്ണ സുവിശേഷ ദൈവ സഭയുടെ പ്രവർത്തനം ശക്തമാക്കുവാൻ പുതിയ പ്രോജെക്ട്കൾക്ക് രൂപം കൊടുത്തു. സഭയുടെ ഓഫീസ് സമുച്ചയവും ബൈബിൾ കോളേജും ഒരു ക്യാമ്പസ്സിൽ കൊണ്ടുവരുന്നതിനായി സ്ഥലം വാങ്ങി ബിൽഡിംഗ് പണിയുക എന്നതാണ് പ്രധാന പദ്ധതി. അതോടൊപ്പം സുവിശേഷീകരണം സഭാ സ്ഥാപനം എന്നിവ ശക്തമാക്കുക. അതിനായി ആരംഭിച്ചിരിക്കുന്ന മിഷൻ ബോർഡ്, ഇവാഞ്ചലിസം ഡിപ്പാർട്ടമെന്റ്, യു പി ജി , എന്നീ വിഭാഗങ്ങളുടെ പ്രവർത്തനം ധൃത ഗതിയിലാക്കി. വില്ലേജുകൾ യു പി ജി ഏരിയകൾ എന്നിവടങ്ങളിലേക്ക് സുവിശേഷം എത്തിക്കുക. മിനി കൺവെൻഷനുകൾ, പരസ്യ യോഗങ്ങൾ, ട്രാക്ട് വിതരണങ്ങൾ എന്നിവ സുവിശേഷികരണത്തിനായി ശക്തമാക്കുക. വര്ഷം തോറും ഏറ്റവും കുറഞ്ഞത് 50 സഭകൾ ദൈവസഭക്ക് ഉണ്ടാകണം. ശുശ്രൂഷകന്മാർക്ക് പരിശീലനങ്ങൾ നൽകി ശുശ്രൂഷയിൽ അവരെ കാര്യക്ഷമതയുള്ള പ്രവർത്തകരാക്കി വളർത്തുക. ജീവ കാരുണ്യ പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്ത് ആ നിലയിലും സുവിശേഷീകരണ സാധ്യതകൾ വർദ്ധിപ്പിക്കുക. ചെയിൻ പ്രയറുകൾ, മുഴു രാത്രി പ്രാർത്ഥനകൾ, മദ്ധ്യസ്ഥ പ്രാർത്ഥനകൾ, ഉപവാസ പ്രാർത്ഥനകൾ എന്നിവ സംഘടിപ്പിച്ച് സഭകളിൽ ഐക്യതയും ഉണർവും കൈവരിക്കുക. ശുഷ്കാന്തി ഇല്ലാത്ത അവസ്ഥകൾക്ക് മാറ്റം ഉണ്ടാകത്തക്ക പുതിയ സംരംഭങ്ങൾക്ക് രൂപം കൊടുത്ത് സഭകളെ ഉണർത്തുക, യുവജനങ്ങൾക്ക് സഭാ കൂടിവരവുകളിൽ നൽകാവുന്ന അവസരങ്ങൾ പരമാവധി നൽകി അവരെ സഭയുടെ ഭാഗമാക്കി അവരുടെ ശുഭാപ്തി വിശ്വാസം വർധിപ്പിക്കുക. ദൈവ ശക്തിയിലും ശുദ്ധീകരണത്തിലും ദൈവ സ്നേഹത്തിലും വിശ്വാസികളെ അധികം വളർത്തി എടുക്കുന്നതോടൊപ്പം ദൈവ സഭ പ്രസ്ഥാനത്തോടും കൂറുള്ളവരായി തീരത്തക്ക നിലയിൽ ഏവർക്കും ബോധവൽക്കരണം നൽകി പ്രബുദ്ധരാക്കുക തുടങ്ങിയ സുവിശേഷ പ്രവർത്തനങ്ങളുടെ വ്യാപ്തിക്കായി പ്രാർത്ഥനയോടെ മുന്നേറുവാൻ സ്റ്റേറ്റ് ഓവർസിയർ റവ: എം കുഞ്ഞപ്പി ആഹ്വാനം ചെയ്യുന്നു.

## എം. ഏബ്രഹാം ചാക്കോ നിര്യാതനായി

ബെംഗളുരു: ചെങ്ങന്നൂർ കല്ലിശേരി മനകണ്ടത്തിൽ വീട്ടിൽ എം. ഏബ്രഹാം ചാക്കോ (78) ബാംഗ്ലൂർ ഹൊറമാവ് അഗര, നമ്പർ 201 ബഥനി റസിഡൻസിയിൽ നിര്യാതനായി. സംസ്കാരം 14 ശനിയാഴ്ച ഹൊറമാവ് അഗര ഐ.പി.സി ഹെഡ് ക്വാർട്ടേഴ്സ് ഹാളിലെ ശുശ്രൂഷകൾക്ക് ശേഷം ഹൊസൂർ റോഡ് സെമിത്തേരിയിൽ. ലിംഗരാജപുരം ഐ.പി.സി വിശ്വാസിയായിരുന്നു.

ഭാര്യ സൂസമ്മ ചാക്കോ ചെങ്ങന്നൂർ അങ്ങാടിക്കൽ പണ്ടാലയിൽ കുടുംബാംഗമാണ്. മക്കൾ: ആനി എബി (കുവൈറ്റ്), ഷൈനി ബിനോയ് (യു എ ഇ), ഷീബ സൂസൻ ജേക്കബ് (യു.എ.ഇ), എ ബി ഏബ്രഹാം ചാക്കോ (ബെംഗളുരു)

മരുമക്കൾ. എബി മാത്യൂ (കുവൈറ്റ്), ബിനോയ് ജെ കുര്യൻ (യു.എ.ഇ), ജേക്കബ് ജോർജ് സാമുവേൽ (യു.എ.ഇ).

Contact Phone number : 09740402522

# ആശംസകൾ

## Pastor T D Thomas



ശാസ്ത്രവും സങ്കേതികവിദ്യകളും ദിനംപ്രതി വളർന്നു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അതിന്റെ സാധ്യതകളെ ഉൾക്കൊണ്ട് ദൈവനാമ മഹത്വത്തിനായി ഒരു കൂട്ടം ദൈവമക്കൾ തുടങ്ങിവെച്ച ഈ പ്രവർത്തനം വളരെ അധികം പ്രശംസനീയം ആണ്. കർണാടകയിൽ നിന്നും ഉള്ള ആദ്യ ഓൺ ലൈൻ പത്രം എന്ന് അറിഞ്ഞതിലും അതിയായ സന്തോഷം. മുന്നോട്ടുള്ള ഓരോ ചുവടിലും സർവശക്തന്റെ കരുതലിൻ കരം 'ശാലോം ധ്വനിയോട് 'കൂടെ ഇരിക്കട്ടെ എന്നു ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

ഐ പി സി കർണാടക സ്റ്റേറ്റ്ന്റെ എല്ലാ ആശംസകളും അറിയിക്കുന്നു, ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ.

## Pastor C.V. Oommen



ദൈവനാമ മഹത്വത്തിനായി കർണാടകയിൽ നിന്നും ആരംഭിച്ച ശാലോം ധ്വനി എന്ന ഓൺലൈൻ ക്രൈസ്തവ പത്രത്തിന് ആദ്യം തന്നെ എന്റെ ആശംസകൾ. ക്രൈസ്തവ സമൂഹത്തിലെ വാർത്തകളും സംഭവങ്ങളും ലോകമെമ്പാടും ഉള്ള വയനക്കാരുടെ മുൻപിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങുന്ന ഈ സംരംഭത്തിനു എല്ല പിന്തുണയും ഈ അവസരത്തിൽ അറിയിക്കുന്നതിനോടൊപ്പം, ഇതിന് പിന്നിൽ പ്രവർത്തിക്കുന്ന ഓരോരുത്തരെയും സർവ്വ കൃപാലുവായ ദൈവം തക്ക പ്രതിഫലം കൊടുത്ത് അനുഗ്രഹിക്കുമാറാകട്ടെ എന്നും പ്രാർത്ഥിക്കുന്നു

ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡിന്റെ എല്ലാ ആശംസകളും

## Pastor T C Cherian



കർണാടകയിൽ നിന്നും ക്രൈസ്തവ സമൂഹത്തിന് അനിവാര്യമായിരുന്ന ഈ ഉദ്യമം , ശാലോം ധ്വനിക്കു തുടങ്ങുവാൻ കഴിഞ്ഞതിൽ ഹൃദയത്തിന്റെ ഭാഷയിൽ ഉള്ള സന്തോഷത്തെ അറിയിക്കട്ടെ. കർണാടകയിൽ നിന്നും ഉള്ള ആദ്യ ഓൺലൈൻ പത്രം എന്ന മുഖ മുദ്രയും ശാലോം ധ്വനിക്കു ലഭിച്ചതിൽ സന്തോഷിക്കുന്നു.. വരും കാലങ്ങളിൽ ക്രിസ്തുവിനു വേണ്ടി നിലകൊണ്ട് മുഖം നോക്കാതെ സത്യത്തിനു വണ്ടി നിഷ്പക്ഷമായി നിൽക്കുവാൻ ശാലോം ധ്വനിയെ ദൈവം സഹായിക്കട്ടെ. ശാരോൻ ഫെല്ലോഷിപ് ചർച്ചിന്റെ പേരിലുള്ളഎല്ലാ ആശംസകളും അറിയിക്കുന്നു

## പാസ്റ്റർ ഷാജി ആലുവിള

തിരുവചനം മാതൃ ഭാഷയിൽ ലഭ്യമല്ലാതിരുന്ന കാലത്ത് മേരി ജോൻസ് എന്ന വെൽഷ ബാലികക്ക് ബൈബിളിനോട് തോന്നിയ സ്നേഹവും താൽപര്യവും ആണ് വിവിധ ഭാഷകളിൽ ഇന്ന് ദൈവ വചനം അനേകരുടെ കൈകളിൽ ആകർഷക രൂപത്തിലെത്തിച്ചേരുവാൻ ഇടയായത്. ഇതുപോലെ ദൈവ വചന ശുശ്രൂഷയിൽ പങ്കാളി ആകുവാനുള്ള മറ്റൊരു വേദി ആണ് ശാലോം ധ്വനി ഒരുക്കുന്ന ഓൺ ലൈൻ ലൈൻ പി.ഡി.ഫ്.പത്ര പ്രവർത്തനം. അക്ഷരങ്ങൾ കൊണ്ട് അണുബോംബ് ഉണ്ടാക്കാം എന്ന് പ്രശസ്തനായ ഒരാൾ പറഞ്ഞിട്ടുണ്ട്. ഇതിലൂടെ ഒരു കൂട്ടം എഴുത്തുകാർ പുറത്തു വരുവാനും ഇടയകട്ടെ. ഈടുറ്റ ലേഖനങ്ങൾ. വാർത്തകൾ, നല്ല നല്ല മറ്റു പംക്തികൾ പുറത്തു വരുവാനും അനേകർക്ക് പ്രയോജനം ആകുവാനും ദൈവം ഇടയാക്കട്ടെ, ഇതിന്റെ പിന്നണി പ്രവർത്തകരെ ദൈവം അതിനായി സഹായിക്കട്ടെ. മറ്റു നല്ല കർമങ്ങളിലൂടെയും അനേകരുടെ ഹൃദയം തണുപ്പിക്കുവാൻ സർവേശ്വരൻ ഇടയാക്കട്ടെ എന്ന് ആശംസിക്കുന്നു

ക്രിസ്തേശുവിൽ
നിങ്ങളുടെ സഹോദരൻ
**പാസ്റ്റർ ഷാജി ആലുവിള.**

## Chacko K. Thomas



വ്യത്യസ്ത മേഖലകളിൽ സുവിശേഷ രംഗത്ത് ശോഭിച്ചിരുന്ന ശാലോം ധ്വനി മുദ്രണ രംഗത്തേക്ക് ഇറങ്ങുന്നതിൽ വളരെ സന്തോഷിക്കുന്നു. കർണാടകയുടെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സുവിശേഷ മുന്നേറ്റത്തിന്റെ വാർത്തകൾ ജനങ്ങളിൽ എത്തിച്ച് സുവിശേഷ വിപ്ലവത്തിനും പ്രാർഥനാ തരംഗത്തിനും ശാലോം ധ്വനി മുഖാന്തിരമാകട്ടെ എന്നും പ്രാർഥിക്കുന്നു. സഭകളുടെയും വ്യക്തികളുടെയും സഹകരണത്തിനും സമാധാനപരമായ ആത്മീയ സഹവർത്തിത്തത്തിനും ഇത് മുഖാന്തിരമാകുമെന്നും പ്രതീക്ഷിക്കുന്നു. എല്ലാവിധ വിജയ ആശംസകളോടെ,

**ചാക്കോ കെ.തോമസ്**
(പ്രസിഡന്റ്, ബാംഗ്ലൂർ ക്രിസ്ത്യൻ പ്രസ് അസോസിയേഷൻ)
(ഗുഡ്നുസ് വാരിക,
കർണാടക ചീഫ് റിപ്പോർട്ടർ.)
(കർണാടക ജേർണലിസ്റ്റ്
യൂണിയൻ എക്സിക്യൂട്ടിവ് അംഗം)

## ഐ.പി.സി ബാംഗ്ലൂർ സൗത്ത് സെന്റർ വാർഷിക കൺവൻഷൻ



Pastor T.D. Thomas



Pastor Babu Cherian



Pastor V.D. John

**ബെംഗളൂരു:** ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ (ഐ.പി.സി) ബാംഗ്ലൂർ സൗത്ത് സെന്റർ വാർഷിക കൺവൻഷൻ ഏപ്രിൽ 13, 14 ന് മടിവാള മാരുതി നഗർ ഹോളി ക്രോസ് ഹാളിൽ വൈകിട്ട് 6 മുതൽ 8.45 വരെ നടക്കും. ഐ പി സി കർണാടക സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ. റ്റി. ഡി. തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ. ബാബു ചെറിയാൻ (പിറവം), സൗത്ത് സെൻററ് പ്രസിഡന്റ് പാസ്റ്റർ.വി.ടി. ജോൺ എന്നിവർ പ്രസംഗിക്കും.

സൗത്ത് സെന്റർ പി.വൈ.പി.എ ക്വയർ ഗാനങ്ങൾ ആലപിക്കും. ശനിയാഴ്ച ഉച്ചയ്ക്ക് 3 മുതൽ 5.30 വരെ പി.വൈ.പി.എ വാർഷിക സമ്മേളനം നടക്കും.

പാസ്റ്റർമാരായ ജിജോയ് മാത്യൂ (ജനറൽ കൺവീനർ), സാംകുട്ടി മാത്യൂ (പബ്ലിസിറ്റി കൺവീനർ), ഐസക്ക് വർഗീസ് (സൗത്ത് സെൻററ് സെക്രട്ടറി) എന്നിവർ നേതൃത്വം നൽകും.






**Do you have the skill to write ? Why not try it? . Articles, poetry, thoughts, imagination, will be published through Shalom Dhwani and Let the world know your skills**

**നിങ്ങൾക്ക് എഴുതുവാനുള്ള കഴിവുകൾ ഉണ്ടോ? ശ്രമിച്ച് നോക്കൂ, ലേഖനങ്ങൾ, കവിത, ചിന്തകൾ, ഭാവന, ശാലോം ധ്വനിയിലൂടെ പ്രസിദ്ധീകരിക്കുന്നതായിരിക്കും. നിങ്ങളുടെ കഴിവുകൾ ലോകം അറിയട്ടെ**

**Email : news@shalomdhwani.com | Watsapp : +91 9110424543**